**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5819** **02.07.2019-ൽ മറുപടിക്ക്**

## സ്വകാര്യ തൊഴിൽ മേഖലയിൽ മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള സ്വകാര്യ തൊഴിൽ മേഖലയിൽ അത് ഉറപ്പ് വരുത്തുന്നതിന് വകുപ്പുതല ജാഗ്രത പുലർത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുന്നതിലേക്കുമായി വേതന സുരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈൻ ആയി ലഭ്യമാകുന്നു. ഇതുമൂലം തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെ തന്നെ പരിശോധിക്കുന്നതിനും സാധിക്കുന്നു. |

| | |
|---|---|
| (ബി) പല മേഖലകളിലും മിനിമം വേതനം നൽകാതെയും പ്രൊവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. തുകകൾ വേതനത്തിൽ നിന്നും പിടിച്ചിട്ടും യഥാസമയം ഒടുക്കാതെയുമിരിക്കുന്ന പ്രവണത നിലനില്ക്കുന്നത് പരിശോധനാ വിധേയമാക്കുന്നുണ്ടോ; | (ബി) സ്ഥാപന പരിശോധനാ വേളയിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇ.എസ്.ഐ, ഇ.പി.എഫ് ആനുകൂല്യങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ച പരാതികളിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ പരാതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. |
| (സി) എങ്കിൽ ഇത്തരത്തിൽ എത്ര ലംഘനങ്ങളാണ് 2018-19 വർഷം തൊഴിൽ വകുപ്പ് കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) 2018-19 കാലയളവിൽ മിനിമം വേതനം നടപ്പിലാക്കാത്ത 983 സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.